## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5533 | 27.03.2018-ൽ മറുപടിയ്ക്ക് |
|---|---|
| ഇ-മാലിന്യ നിയന്ത്രണവും സംസ്കരണവും | |
| ചോദ്യം | ഉത്തരം |
| ശ്രീ.പി.കെ.ബഷീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ജീവന് തന്നെ ഭീഷണിയായിട്ടുള്ള ഇ-മാലിന്യം നിയന്ത്രിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന അജൈവമാലിന്യ സംസ്കരണത്തിൽ ഇ-വേസ്റ്റ് പുന:ചംക്രമണം ചെയ്യുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിതകർമ്മസേന വാർഡ് തലത്തിൽ വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ) ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലൂടെ (MCF) റിസോഴ്സ് റിക്കവറി സെന്ററുകളിൽ (RRF) എത്തിക്കുന്നു. ഇവിടെ വച്ച് ഇലക്ട്രോണിക് മാലിന്യങ്ങളെ തരം തിരിച്ച് ക്ലീൻ കേരള കമ്പനി അംഗീകൃത റീസൈക്ലിംങ്ങ് ഏജൻസികൾക്ക് കൈമാറുന്നു. ഇതിനായി സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ ഓരോന്നും, മുനിസിപ്പാലിറ്റികളിൽ രണ്ടും, മുനിസിപ്പൽ കോർപ്പറേഷനുകളിൽ അഞ്ചും എന്ന രീതിയിൽ റിസോഴ്സ് റിക്കവറി ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതുവരെ നാൽപ്പത്തഞ്ചോളം റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ ആരംഭിച്ചിട്ടുണ്ട്. കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) എന്ന സ്ഥാപനത്തിന് ഫ്യൂസ്ഡ് ട്യൂബ് ലൈറ്റുകൾ, CFL എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.<br>സംസ്ഥാനത്ത് ശേഖരിക്കപ്പെടുന്ന ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുന:ചംക്രമണത്തിനും ശാസ്ത്രീയ സംസ്കരണത്തിനുമായി ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ ഒരു റീസൈക്ലിംങ്ങ് കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി മലപ്പുറം ജില്ലയിൽ കുറ്റിപ്പുറത്ത് പദ്ധതിക്ക് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് കിൻഫ്ര മുന്നോട്ട് വന്നിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ഏജൻസികളെ തെരഞ്ഞെടുക്കുന്നത് അടക്കമുള്ള പ്രവർത്തനങ്ങൾ ക്ലീൻ കേരള കമ്പനി നടത്തിവരികയാണ്. |

| | | | |
|---|---|---|---|
| | | | ഇ - വേസ്റ്റ് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി അംഗീകൃത റീസൈക്ലേഴ്സിന് എത്തിക്കുക എന്നതാണ് 2016 ലെ ഇ - വേസ്റ്റ്മാനേജ്മെന്റ് റൂൾസിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ റൂൾ പ്രകാരം ഇ - ഗുഡ്സ് ഉൽപ്പാദകർ ഇ - മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത റീസൈക്ലേഴ്സിന് എത്തിക്കേണ്ടതാണ്. ഇപ്രകാരം ഇ - വേസ്റ്റ്മാനേജ്മെന്റ് റൂൾസ് നിഷ്കർഷിക്കുന്ന EPR( Extended Producers Responsibility) വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | ഇ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും **സംസ്കരിക്കുന്നതിനുമായി ക്ലീൻ കേരള കമ്പനി മുഖേന എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത്; വ്യക്തമാക്കുമോ;** | (ബി) | സർക്കാർ ഉത്തരവ് (സാധാ) നം2612/2014/ തസ്വഭവ തീയ്യതി10/10/2014, സ.ഉ(സാധാ) നം 1117/16 തസ്വഭവ തീയ്യതി 4/3/2016 പ്രകാരമാണ് ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ഇലക്ട്രോണിക് മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഇ-ടെണ്ടറിലൂടെ കണ്ടെത്തുന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുന:ചംക്രമണം നടത്തുവാനും കൂടാതെമൂല്യ വർദ്ധിത സേവനമെന്ന നിലയിൽ റൂൾ അനുസരിച്ച് ആപൽകരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സിഎഫ്എൽ, പ്രിന്റർ കാട്രിഡ്ജുകൾ എന്നിവ കമ്പനി ഇ-മാലിന്യങ്ങളുടെ കൂടെ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പും നഗരകാര്യ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ ഇ-ക്ലീൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഉടനീളമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികൾ വഴി 46 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണം നടത്തുകയും വിദ്യാർത്ഥികൾക്ക് കിലോക്ക് 25 രൂപ നൽകുകയും ചെയ്തു. സർക്കാർഉത്തരവ് (സാധാ) നം1963/2017/പൊ.വി.വ തീയ്യതി 20/06/2017 അനുസരിച്ച് പൊതുവിദ്യാഭ്യാസവകുപ്പ് "ഐടി@സ്കൂൾ" പ്രോജക്റ്റ്-സംസ്ഥാനത്തെ വിദ്യാലയങ്ങളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (സി) | **ക്ലീൻ കേരള കമ്പനി മുഖേന നാളിതുവരെ** | (സി) | ഇതുവരെ സംസ്ഥാനത്ത് 850 ടണ്ണിൽ അധികം ഇ- |

| | | | |
|---|---|---|---|
| | എത്ര ടൺ ഇ-മാലിന്യ സംസ്കരണം/ശേഖരണം നടത്തിയിട്ടുണ്ട്; അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കമോ; | | മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയ പുന:ചംക്രമണം നടത്തിയിട്ടുണ്ട്. ഇ-മാലിന്യ സംസ്കരണത്തിനായോ, ശേഖരണത്തിനായോ ക്ലീൻ കേരള കമ്പനിയ്ക്ക് ഇതുവരെ തുക അനുവദിച്ചിട്ടില്ല. |
| (ഡി) | ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തന മേഖല സംസ്ഥാനത്ത് മുഴുവനായി വ്യാപിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരണത്തിനുമായി ടി കമ്പനിയുടെ പ്രവർത്തനം കേരളം മുഴുവൻ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട് |

സെക്ഷൻ ഓഫീസർ